# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 668 **11/07/2014-ൽ മറുപടിക്ക്**

## ഹൈസ്കൂളുകളിലും ഹയർ സെക്കന്ററി വിഭാഗത്തിലും ലൈബ്രേറിയൻമാരുടെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. സി.എഫ്. തോമസ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിലും ഹയർ സെക്കന്ററി വിഭാഗത്തിലും ലൈബ്രേറിയൻമാരെ നിയമിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ഹൈസ്കൂൾ വിഭാഗത്തിലും ഹയർ സെക്കന്ററി വിഭാഗത്തിലും ലൈബ്രേറിയന്റെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. |
| (ബി) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ ലൈബ്രേറിയൻമാരെ നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) ലൈബ്രേറിയന്റെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എത്ര സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക ആവശ്യമുണ്ടെന്നും ഇതിന്റെ സാമ്പത്തിക ബാധ്യത എത്രയാണെന്നും വിശദമായി പരിശോധിച്ച ശേഷം മാത്രമേ തസ്തിക സൃഷ്ടിക്കൽ സംബന്ധിച്ച് നയപരമായ ഒരു തീരുമാനം എടുക്കാൻ കഴിയൂ. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ലൈബ്രേറിയന്റെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച നിർദ്ദേശവും പരിശോധിച്ചുവരുന്നു. |
| (സി) പൊതുവിദ്യാഭ്യാസ മേഖലയിൽ ഉള്ള ലൈബ്രറികൾ നവീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) സ്കൂളുകളിൽ നിലവിലുള്ള ലൈബ്രറികൾ നവീകരിക്കാൻ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്. |

Sreeden

**സെക്ഷൻ ഓഫീസർ**